# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.831** **28.04.2017-ൽ മറുപടിയ്ക്ക്**

## കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ:**

(എ) സംസ്ഥാനത്തെ പി.ഡബ്ള്യു.ഡി. റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം വിശദമാക്കുമോ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി സർക്കാർ ഉത്തരവ്(കൈ)നം.63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ

അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്.

**(ബി)** പ്രസ്തുത ഉത്തരവനുസരിച്ചുള്ള പരിശോധനകൾ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കാലാകാലങ്ങളിൽ നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**(സി)** എങ്കിൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**(ബി) & (സി)** ഇല്ല. ഉത്തരവനുസരിച്ചുള്ള പരിശോധന സംബന്ധിച്ച അവലോകന നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച വീഴ്ചയോ, അപാകതയോ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

13641
3/9/16

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ. (കൈ)നം.63/16/പൊ.മ.വ തീയതി, തിരുവനന്തപുരം 03.09.2016

==============================================================

പരാമർശം:- ചീഫ് എഞ്ചിനീയറുടെ (Design & Administration) 02.09.2013-ലെ CE/Admn/PLA.Gen/2012 നം.കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുവാദമോ കൂടാതെ റോഡുകളും പാതകളും കൈയ്യേറുകയും കേടുപാടുകൾ ഉണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായും ഇതുമൂലം കാൽനടയാത്രക്കും, വാഹനഗതാഗതത്തിനും വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടു. മരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റു വകുപ്പുകളും, ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേടുപാടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർ നിർമ്മിക്കാതിരിക്കുക, റോഡുകൾ കൈയ്യേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യബോർഡുകളും, ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കി വിടുക, റോഡിലെ വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാഗതത്തിനും തടസ്സം സൃഷ്ടിച്ചും, നടപ്പാതകൾക്ക് നാശനഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ കാൽനടയാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതായും കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്.

നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

മേൽസാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**സുബ്രതാ ബിശ്വാസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (NH/R&B/Admn), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം
കമ്മീഷണർ, ഗതാഗതവകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ
പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്/ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ